ഉത്തരം

(എ) 8-12-1998-ൽ പണി ആരംഭിച്ചു. എഗ്രിമെന്റ് പ്രകാരം പണി പൂർത്തിയാക്കേണ്ടിയിരുന്നത് 7-6-2000 ലായിരുന്നു.

(ബി) കരാറുകാരന്റെ അനാസ്ഥ കാരണം പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ പണി 12/2001-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വർക്കല ആർ.യു.ബി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

68 (748) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ആർ.യു.ബി. യുടെ (റോഡ് അണ്ടർ ബ്രിഡ്ജ്) നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പണി തുടർന്ന് നടത്താൻ കഴിയാത്ത സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ജോലി അടിയന്തിരമായി പൂർത്തിയാക്കാതെ വന്നാൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പണി തുടർന്ന് നടത്താൻ ആവശ്യമായ ഫണ്ട് നൽകാൻ അടയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 50 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി-ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കി പണി കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അറുമാനൂർ-തണ്ടാശ്ശേരി റോഡിലെ നീറിക്കാട് മുതല വാലേൽ പാലം

69 (749) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അറുമാനൂർ-തണ്ടാശ്ശേരി റോഡിലെ നീറിക്കാട് മുതല-വാലേൽ പാലം വീതി കൂട്ടി ശക്തിപ്പെടുത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) എങ്കിൽ ഇതിനു വേണ്ടി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) വളരെയധികം ഗതാഗതത്തിരക്കുള്ള ഈ പാലം എത്രയും വേഗം വീതി കൂട്ടി ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly